# 2002 ലെ 19-ാം ആക്റ്റ്

## 2002 ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് *

കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന

ഒരു

ആക്റ്റ്

പീഠിക.—കേരള സംസ്ഥാനത്ത്, ഭൂജലം സംരക്ഷിക്കേണ്ടതും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതും യുക്തമായിരിക്കുന്നതിനാലും;

സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ഭൂജലശേഷി പരിഗണിക്കാതെ ഭൂജലം ചൂഷണംചെയ്യുന്ന പ്രവണത തുടരുന്നതിനാലും;

ക്രമരഹിതമായി നടത്തുന്ന ഭൂജല ചൂഷണം അങ്ങനെയുള്ള പ്രദേശങ്ങളിൽ അനഭിലഷണീയമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഭൂജലം സംസ്ഥാനത്തിന്റെ ഒര നിർണ്ണായക വിഭവമായിരിക്കുന്നതിനാലും;

പൊതുതാത്പര്യം മുൻനിർത്തി, കേരള സംസ്ഥാനത്ത് ഏതൊരു രിതിയിലുമുള്ള ജല വികസനം ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

---

* 2002 സെപ്റ്റംബർ 16-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2002 സെപ്റ്റംബർ 24-ാം തീയതിയിലെ 1390-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

(3) ഇത് സർക്കാർ ഗസററ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്:

എന്നാൽ വിവിധ പ്രദേശങ്ങൾക്കും ഈ ആക്ററിലെ വിവിധ വ്യവസ്ഥകൾക്കും വിവിധ തീയതികൾ നിശ്ചയിക്കാവുന്നതും ഈ ആക്ടിന്റെ പ്രാരംഭത്തെ സംബന്ധിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതൊരു പരാമർശവും ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതു സംബന്ധിച്ച ഒരു പരാമർശമായി കണക്കാക്കേണ്ടതുമാണ്.

2. <u>നിർവചനങ്ങൾ</u>.— ഈ ആക്ററിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അതോറിററി" എന്നാൽ ഈ ആക്ററിലെ 3-ാം വകുപ്പ് (1)--ാം ഉപവകുപ്പനുസരിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാന ഭൂജല അതോറിററി എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "ഭൂജലം" എന്നാൽ ഒരു ഭൂപ്രദേശത്തെയോ ഏതെങ്കിലും പ്രത്യേക വിഭാഗം ഭൂപ്രദേശങ്ങളിലെയോ ഭൂതലത്തിന്റെ അടിയിലുള്ള ജലം എന്നർത്ഥമാകുന്നു;

(ഡി) "വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം" എന്നാൽ ഈ ആക്ററിലെ 6-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എഫ്) "പമ്പു ചെയ്യുന്ന കിണർ" എന്നാൽ കിണറിൽ നിന്നും വെള്ളം അടിച്ചു കയററുന്നതിനുവേണ്ടി വൈദ്യുത മോട്ടോറോ എണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനോകൊണ്ട് പ്രവർത്തിപ്പിക്കുന്ന പമ്പ് ഘടിപ്പിച്ച കിണർ എന്നർത്ഥമാകുന്നതും, അതിൽ 1.5 കുതിര ശക്തിവരെയുള്ള എൻജിനോ മോട്ടോറോ പ്രവർത്തിപ്പിക്കുന്ന പമ്പ് ഘടിപ്പിച്ച തുറന്ന കിണറുകളും 3 കുതിരശക്തിവരെയുള്ള എൻജിനോ മോട്ടോറോ പ്രവർ ത്തിപ്പിക്കുന്ന പമ്പ് ഘടിപ്പിച്ച കുഴൽകിണറുകളും ബോർവെല്ലുകളും ഡഗ് കം ബോർവെല്ലുകളും ഉൾപ്പെടാത്തതുമാകുന്നു;

(ജി) "കുഴിക്കുക" എന്നതിൽ, അതിന്റെ എല്ലാ വ്യാകരണ വ്യതിയാനങ്ങളോടും സജാതീയപദങ്ങളോടുംകൂടി പുതിയ കിണറുകൾ കുഴിക്കലോ തുരക്കലോ,

കുഴൽതാഴ്ത്തലോ, തുളയ്ക്കലോ, തുരങ്കമുണ്ടാക്കലോ അല്ലെങ്കിൽ നിലവിലുള്ള കിണറുകളുടെ ആഴമോ വ്യാസമോ കൂട്ടലോ ഉൾപ്പെടുന്നതാണ്;

(എച്ച്) "ഭൂജല ഉപഭോക്താവ്" എന്നാൽ ഒരു പമ്പ് ചെയ്യുന്ന കിണറിൽ നിന്നും ഗാർഹിക ഉപയോഗം ഉൾപ്പെടെയുള്ള ഏതെങ്കിലും ആവശ്യത്തിലേക്ക് ഭൂജലം ഉപയോഗിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(ഐ) "കിണർ" എന്നാൽ സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അധികാരപ്പെട്ട ഉദ്യോഗസ്ഥനല്ലാത്ത ഒരു വ്യക്തി, ഭൂജല വിഭവങ്ങളെക്കുറിച്ചുള്ള അന്വേഷണം, വികസന പ്രവർത്തനവും ഉപയോഗവും അല്ലെങ്കിൽ പരിപാലനം, എന്നിവയ്ക്കായി ഭൂജലം എടുക്കുന്നതിനുവേണ്ടി ഭൂമിയുടെ ഉപരിതലത്തിൽ നിർമ്മിക്കുന്ന ഏതെങ്കിലും എടുപ്പ് എന്ന് അർത്ഥമാകുന്നതും, ഇതിൽ തുറന്ന കിണർ, കുഴൽക്കിണർ, ബോർവെൽ, ഡഗ് കം ബോർവെൽ, കുഴൽക്കിണർ, സംഭരണകിണർ, ഇൻഫിൽട്രേഷൻ ഗാലറി എന്നിവ ഉൾപ്പെടുന്നതും, ഗാർഹികാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന തുറന്ന കിണറും, കുഴിക്കിണറും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

3. സംസ്ഥാന ഭൂജല അതോറിററി.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, അതിൽ നിർദ്ദേശിക്കാവുന്ന തീയതി മുതലുള്ള പ്രാബല്യത്തോടുകൂടി സംസ്ഥാന ഭൂജല അതോറിററി എന്നറിയപ്പെടുന്ന ഒരു അതോറിററി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റി, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി സ്ഥാവരജംഗമസ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കയ്യൊഴിയുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുമുള്ള അധികാരത്തോടു കൂടിയതും അതോറിറ്റിയുടെ പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമായ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതാണ്.

(3) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർക്കാരിന്റെ ജലവിഭവ വകുപ്പ് സെക്രട്ടറി— എക്സ് ഒഫീഷ്യോ; അദ്ദേഹം അതോറിററിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ii) സർക്കാരിന്റെ 'ധനകാര്യ വകുപ്പ് സെക്രട്ടറി—എക്സ് ഒഫീഷ്യോ;

(iii) സർക്കാരിന്റെ തദ്ദേശ സ്വയംഭരണ (ഗ്രാമവികസനം) വകുപ്പ് സെക്രട്ടറി —എക്സ് ഒഫീഷ്യോ;

(iv) ഭൂജല വകുപ്പ് ഡയറക്ടർ—എക്സ് ഒഫീഷ്യോ; അദ്ദേഹം അതോറിറ്റിയുടെ സെക്രട്ടറി ആയിരിക്കുന്നതാണ്;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ,—(എ) രണ്ട് നിയമസഭാംഗങ്ങൾ;

(ബി) ഒരു ജലവിഭവ വിദഗ്ദ്ധൻ;

(സി) ഒരു ഗ്രാമപഞ്ചായത്ത് അംഗം;

(ഡി) ഒരു മുനിസിപ്പൽ കൗൺസിൽ അംഗം;

(ഇ) പട്ടികജാതിയിൽപെട്ടതോ പട്ടിക വർഗ്ഗത്തിൽപ്പെട്ടതോ ആയ ഒരംഗം;

(എഫ്) ഒരു വനിതാ അംഗം;

(ജി) ഒരുപൊതുപ്രവർത്തകൻ;

(എച്ച്) ഒരു പരിസ്ഥിതിപ്രവർത്തകൻ.

(4) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്.

(5) നാമനിർദ്ദേശം ചെയ്യപ്പട്ട ഏതൊരംഗത്തിനും സർക്കാരിനെ സംബോധന ചെയ്തുകൊണ്ടുള്ള ഒരു രാജിക്കത്ത് മുഖേന ഏതു സമയത്തും തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്:

എന്നാൽ രാജി സ്വീകരിക്കപ്പെടുന്നതുവരെ അത് പ്രാബല്യത്തിൽ വരുന്നതല്ല.

(6) അതോറിററിയിലെ അംഗങ്ങളുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കുന്നതാണ്.

4. <u>ചെയ്ത പ്രവൃത്തികൾ, ക്രമക്കേട്, ഒഴിവ് മുതലായവയുടെ പേരിൽ അസാധുവാക്കാൻ പാടില്ലെന്ന്.</u>—അതോറിറ്റി ചെയ്തിട്ടുള്ള യാതൊരു പ്രവൃത്തിയോ അഥവാ എടുത്തിട്ടുള്ള യാതൊരു നടപടിയോ താഴെ പറയുന്ന കാരണങ്ങളാൽ മാത്രം അസാധുവാക്കാൻ പാടില്ലാത്തതാണ്:—

(എ) അതോറിറ്റിയിൽ ഉള്ള ഏതെങ്കിലും ഒഴിവോ അഥവാ അതിന്റെ രൂപീകരണത്തിലുള്ള ന്യൂനതയോ, അഥവാ;

(ബി) അതിലെ അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനതയോ, ക്രമക്കേടോ.

5. അതോറിററിയിലെ ഉദ്യോഗസ്ഥൻമാരും സ്റ്റാഫും.—ഭൂജല വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാരും മറ്റു ജീവനക്കാരും ഈ ആക്ടിലെ ആവശ്യങ്ങൾക്കായി അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും ആയി കരുതപ്പെടേണ്ടതും അതതു സമയം അതോറിററി അവർക്ക് രേഖാമൂലം നൽകുന്ന അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്:

എന്നാൽ, ആക്ററിൻ കീഴിൽ അതോറിററി ശരിയായ വിധത്തിൽ പ്രവർത്തിക്കുന്നതിനോ ഈ ആക്റ്റിൻ കീഴിലുള്ള അധികാരങ്ങൾ ശരിയായി വിനിയോഗിക്കുന്നതിനോവേണ്ടി സർക്കാരിന് ആവശ്യമെന്ന് തോന്നുന്നത്ര ശാസ്ത്രജ്ഞരേയും സാങ്കേതിക ജോലിക്കാരേയും നിയോഗിക്കാവുന്നതാണ്.

6. ഭൂജല വികസനത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനും വേണ്ടി പ്രദേശങ്ങൾ വിജ്ഞാപനം ചെയ്യൽ.—(1) സർക്കാരിന് അതോറിറ്റിയുടെ ശുപാർശയിൻ മേൽ ഏതെങ്കിലും പ്രദേശത്തെ ഭൂജലത്തിന്റെ ചൂഷണമോ ഉപയോഗമോ ക്രമീകരിക്കേണ്ടത് പൊതുതാൽപ്പര്യാർത്ഥം ആവശ്യമാണെന്ന് ബോദ്ധ്യമാകുന്നപക്ഷം ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, അതിൽ പറഞ്ഞിരിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി അങ്ങനെയുള്ള പ്രദേശത്തെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും ഗസററിൽ പ്രസിദ്ധീകരിക്കുന്നതു കൂടാതെ പ്രസ്തുത പ്രദേശത്ത് വിപുലപ്രചാരമുള്ള രണ്ട് ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്റെ ഒരു പകർപ്പ് പ്രസ്തുത പ്രദേശത്തെ അതതു സംഗതിപോലെ, ഗ്രാമപഞ്ചായത്ത് ഓഫീസിന്റേയും നഗരസഭാ ഓഫീസിന്റേയും വില്ലേജ് ഓഫീസിന്റേയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

(3) സർക്കാരിന് അതോറിറ്റിയുടെ ശുപാർശയിൻമേൽ വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും പ്രദേശത്തെ ഭൂജലത്തിന്റെ ലഭ്യത വർദ്ധിച്ചുഎന്ന് ബോദ്ധ്യമാകുന്നപക്ഷം പ്രസ്തുത പ്രദേശത്തെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം റദ്ദാക്കാവുന്നതാണ്.

7. ഭൂജലം എടുക്കുന്നതിനും ഉപയോഗിക്കുന്നതിനും പെർമിറ്റ് നൽകൽ.—(1) വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്ത് സ്വന്തമായോ സാമൂഹ്യാടിസ്ഥാനത്തിലോ ഉള്ള ഏതെങ്കിലും ആവശ്യത്തിന് ഒരു കിണർ കുഴിക്കാനോ നിലവിലുള്ള കിണറിനെ ഒരു

പമ്പു ചെയ്യുന്ന കിണറായി പരിവർത്തനം ചെയ്യാനോ ആഗ്രഹിക്കുന്ന ഏതൊരാളും ആ ആവശ്യത്തിലേക്ക് പെർമിറ്റ് ലഭിക്കാനായി അതോറിററിക്ക് അപേക്ഷ നൽകേണ്ടതും അതോറിററി പെർമിറ്റ് നൽകാത്തിടത്തോളം പ്രസ്തുത കുഴിപ്പിക്കലോ പരിവർത്തനം ചെയ്യലോ സംബന്ധിച്ച പ്രവർത്തനവുമായി മുന്നോട്ടു പോകാൻ പാടില്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫോറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയതു മായിരിക്കേണ്ടതാണ്.

(3) അതോറിറ്റി കൈപ്പററുന്ന ഓരോ അപേക്ഷയും കൈപ്പററിയതായി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ സ്വീകരിച്ച ശേഷം, പൊതുതാത്പര്യത്തിന് വിരുദ്ധമാവുകയില്ല എന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഭൂജലം വലിച്ചെടുക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഒരു പെർമിററ് അതോറിറ്റി നൽകേണ്ടതും, അല്ലാത്തപക്ഷം അപേക്ഷ നിരസിക്കേണ്ടതുമാണ് :

എന്നാൽ, പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ യാതൊരാളിനും പെർമിറ്റ് നിരസിക്കുവാൻ പാടില്ലാത്തതാണ്.

(5) പെർമിറ്റ് നൽകലോ നിരസിക്കലോ സംബന്ധിച്ച തീരുമാനം, അപേക്ഷ കൈപ്പറ്റിയശേഷം തൊണ്ണൂറ് ദിവസത്തിനകം അതോറിറ്റി അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷ സ്വീകരിച്ച അതോറിറ്റി അപേക്ഷ കൈപ്പററി തൊണ്ണൂറ് ദിവസത്തിനകം അപേക്ഷകനെ അപ്പേക്ഷയിൻമേലുള്ള അതോറിറ്റിയുടെ തീരുമാനം അറിയിക്കാതിരിക്കുന്നപക്ഷം, അപേക്ഷകന് പെർമിറ്റ് അനുവദിച്ചതായി കരുതാവുന്നതും അങ്ങനെയുള്ള ആൾ ഈ ആക്ററിന്റെ ആവശ്യത്തിലേക്കായി ഒരു പെർമിറ്റ് കൈവശക്കാരനായി കരുതപ്പെടേണ്ടതുമാണ്.

(7) അതോറിററി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുമ്പോൾ ഇനിപ്പറയുന്ന സംഗതികൾ പരിഗണിക്കേണ്ടതാണ്, അതായത്:—

(എ) ജലം ഏതാവശ്യത്തിന്, അല്ലെങ്കിൽ ആവശ്യങ്ങൾക്ക് ആണ് ഉപയോഗിക്കുന്നതെന്ന്;

(ബി) ആ പ്രദേശത്തിന്റെ നിലവിലുള്ള മററ് ഉപഭോക്താക്കൾ;

(സി) ആ പ്രദേശത്തെ ഭൂജലത്തിന്റെ ലഭ്യത;

(ഡി) ഭൂജലത്തിന്റെ, അതിന്റെ ഉപയോഗവുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഗുണനിലവാരം;

(ഇ) അടുത്ത് സ്ഥിതിചെയ്യുന്ന കിണറുമായി നിർദ്ദിഷ്ട കിണറിനുള്ള അകലവും ആ പ്രദേശത്തുള്ള കിണറുകളുടെ എണ്ണവും, നിലവിലുള്ള കിണറുകളുമായി ഇടപെടാനുള്ള സാധ്യതയും;

(എഫ്) ഭൂജല മലിനീകരണ സാധ്യത;

(ജി) ആ പ്രദേശത്തുള്ള ഭൂജല നിരപ്പിന്റെ ദീർഘകാല സ്വഭാവ രീതി;

(എച്ച്) അതിന് സംഗതമായിട്ടുള്ള മറേറതെങ്കിലും ഘടകം.

**8.** <u>വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തെ നിലവിലുള്ള കിണറുകളുടെ രജിസ്ട്രേഷൻ</u>.—(1) വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്ത് നിലവിലുള്ള കിണറുകളുടെ ഓരോ ഉടമസ്ഥനും, അതോറ്റിററി സ്ഥാപിച്ച് നൂററി ഇരുപത് ദിവസത്തിനുള്ളിൽ നിലവിലുള്ളതും ഉപയോഗത്തിലുള്ളതുമായ കിണറുകൾ രജിസ്ററർ ചെയ്യേണ്ടതിനും അങ്ങനെ രജിസ്റ്റർ ചെയ്ത കിണറുകളെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി അതോറിറ്റിയോട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും അപേക്ഷിക്കേണ്ടതാണ്:

എന്നാൽ, പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തതിന് അപേക്ഷകന് മതിയായ കാരണങ്ങളുണ്ടെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, അതിനുശേഷം സമർപ്പിക്കുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയിൽ നൽകേണ്ട വിശദാംശങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ സ്വീകരിച്ചശേഷം പൊതുതാല്പര്യത്തിന് വിരുദ്ധമല്ലായെന്ന് അതോറിററിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, അതോറിററി കിണർ രജിസ്റ്റർ ചെയ്ത് അപേക്ഷകന് രജിസ്ട്രേഷൻ സർട്ടിഫിക്കററ് നൽകേണ്ടതും അല്ലാത്തപക്ഷം അപേക്ഷ നിരസിക്കേണ്ടതുമാണ്:

എന്നാൽ, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ രജിസ്ട്രേഷനുള്ള യാതൊരു അപേക്ഷയും നിരസിക്കുവാൻ പാടുള്ളതല്ല.

(4) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതോ നിരസിക്കുന്നതോ സംബന്ധിച്ച തീരുമാനം അപേക്ഷ സ്വീകരിച്ച് തൊണ്ണൂറ് ദിവസത്തിനുള്ളിൽ അതോറിറ്റി അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് പ്രകാരം കിണർ രജിസ്ററർ ചെയ്യുന്നതിനുള്ള അപേക്ഷ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിനു മുൻപ് അതോറിററി, താഴെപ്പറയുന്ന സംഗതികൾ പരിഗണിക്കേണ്ടതാണ്, അതായത്:—

(എ) ജലം ഏതാവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്ന്;

(ബി) ആ പ്രദേശത്ത് നിലവിലുള്ള മററ് ഉപഭോക്താക്കൾ;

(സി) കിണറിന്റെ സ്വാധീന പ്രദേശത്തിന്റെ റീ-ചാർജ്ജ് നിരക്ക്;

(ഡി) പ്രദേശത്തുള്ള ഭൂജലത്തിന്റെ ഗുണനിലവാരം;

(ഇ) കിണറുകളിലെ ജലനിരപ്പിന്റെ ദീർഘകാല സ്വഭാവരീതി;

(എഫ്) പ്രസക്തമായ മറ്റ് ഘടകങ്ങൾ;

(6) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആയിരിക്കേണ്ടതാണ്.

(7) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള രജിസ്ട്രേഷന്റെ അനുവദിക്കലോ നിരസിക്കലോ സംബന്ധിച്ച തീരുമാനം അതോറിററി അറിയിക്കുന്നതുവരെ, വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തെ നിലവിലുള്ള കിണറിന്റെ ഓരോ ഉടമസ്ഥനും അപേക്ഷാ തീയതിക്ക് മുൻപുള്ള അതേ രീതിയിൽ ഭൂജലം തുടർച്ചയായി ഉപയോഗിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(8) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കിണർ ഉപയോഗരഹിതമായി തീരുകയാണെങ്കിൽ, ആ വസ്തുത ഉടമസ്ഥൻ, ഉടൻതന്നെ രേഖാമൂലം അതോറിററിയെ അറിയിക്കേണ്ടതാണ്.

**9.** ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ.—[1][(1) സംസ്ഥാനത്തെ ഓരോ ഭൂജല ഉപഭോക്താവും, ഇതിലേക്കായി സർക്കാർ വിജ്ഞാപനം ചെയ്യേക്കാവുന്ന

1. 2005-ലെ 22-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത് ( 2005 ആഗസ്ററ് 12-ാം തീയതിയിൽ പ്രാബല്യത്തിൽ വന്നു).

അങ്ങനെയുള്ള സമയത്തിനുള്ളിൽ ഭൂജല ഉപഭോക്താവായി രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി അതോറിറ്റി മുമ്പാകെ അപേക്ഷിക്കേണ്ടതാണ്.]

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരപേക്ഷ ലഭിച്ചാൽ, പൊതു താല്പര്യത്തിന് എതിരല്ലെന്ന് അതോറിററിക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി രജിസ്ററർ ചെയ്ത് സർട്ടിഫിക്കററ് നൽകേണ്ടതും, അല്ലാത്തപക്ഷം അപേക്ഷ നിരസിക്കേണ്ടതുമാണ്:

എന്നാൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ രജിസ്ട്രേഷനുവേണ്ടിയുള്ള യാതൊരപേക്ഷയും നിരസിക്കുവാൻ പാടുള്ളതല്ല.

10. <u>പൊതു കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം</u>.—(1) ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പൊതു ആവശ്യത്തിനുവേണ്ടി വെള്ളം പമ്പുചെയ്യുന്ന ഏതെങ്കിലും കുടിവെള്ള സ്രോതസ്സിൽ നിന്നും മുപ്പത് മീറ്റർ ദൂരത്തിനുള്ളിൽ അതോറിറ്റിയുടെ അനുവാദം കൂടാതെ, യാതൊരാളും യാതൊരാവശ്യത്തിനും കിണർ കുഴിക്കുവാൻ പാടുള്ളതല്ല:

എന്നാൽ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നടപ്പാക്കുന്ന ഏതെങ്കിലും കുടിവെള്ള പദ്ധതിക്കുവേണ്ടി കിണർ കുഴിക്കുന്നതിന് ബാധകമായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ പറയുന്ന അനുവാദത്തിനായുള്ള ഏതൊരു അപേക്ഷയും നിർണ്ണയിക്കപ്പെട്ട ഫാറത്തിലായിരിക്കേണ്ടതും, നിശ്ചിത ഫീസ് സഹിതം അതോറിററിക്ക് സമർപ്പിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരുമുള്ള ഒരു അപേഷ ലഭിച്ചാൽ കിണർ കുഴിക്കുന്നത് പൊതു കുടിവെള്ള സ്രോതസ്സിനെ ദോഷകരമായി ബാധിക്കില്ലാ എന്ന് ബോദ്ധ്യമാകുന്നപക്ഷം കുടിവെള്ളത്തിനായോ കൃഷിക്കുവേണ്ടിയോ കിണർ കുഴിക്കാൻ അനുവാദം, അതിൽ പറയുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി നൽകാവുന്നതാണ്:

എന്നാൽ അതോറിറ്റിയുടെ തീരുമാനം അപേക്ഷ കിട്ടി തൊണ്ണൂറ് ദിവസത്തിനകം അപേക്ഷകനെ അറിയിക്കാത്തപക്ഷം അനുവാദം നൽകപ്പെട്ടതായി കണക്കാക്കുന്ന തും, ഇപ്രകാരം നൽകപ്പെട്ടതായി കണക്കാക്കപ്പെടുന്ന അനുവാദം ഇതു സംബന്ധിച്ച നിയമങ്ങൾക്ക് വിധേയമായിരിക്കുകയും ചെയ്യുന്നതാണ്.

[1][10 എ. മലിനജലത്തിന്റെ ശുദ്ധീകരിച്ചുള്ള ഉപയോഗവും പുനരുപയോഗവും.— ഭൂജലം എടുക്കുന്ന ഏതൊരാളും, വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്കോ ഗാർഹികാവശ്യങ്ങൾക്കോ ഉപയോഗിച്ചിട്ടുള്ള ഭൂജലം ശുദ്ധീകരിക്കുകയും ശുദ്ധീകരിച്ച് ഉപയോഗിക്കുകയും പുനരുപയോഗിക്കുകയും ചെയ്യുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ഒരു പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.]

**11.** പെർമിററിലേയോ രജിസ്ട്രേഷൻ സർട്ടിഫിക്കററിലേയോ നിബന്ധനകൾക്ക് മാററം വരുത്തുവാനുള്ള അധികാരം.—ഏതെങ്കിലും പെർമിറ്റോ അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ അനുവദിച്ചതിനുശേഷം ഏതു സമയത്തും ഉടമസ്ഥന് പറയുവാനുള്ളത് പറയാൻ ഒരവസരം നൽകിയ ശേഷം സാങ്കേതിക കാരണങ്ങളാൽ അതോറിറ്റിക്ക് പെർമിററിലേയോ അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കററിലേയോ, അതതു സംഗതി പോലെ, നിബന്ധനകൾ വ്യത്യാസപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ മാററം വരുത്തുകയോ ചെയ്യാവുന്നതാണ്:

എന്നാൽ അത്തരം നടപടി സ്വീകരിക്കുന്നതിനുമുൻപ്, ഈ തീരുമാനം മൂലം നിലവിലുള്ള വിളകൾക്ക് യാതൊരു നാശനഷ്ടവും ഉണ്ടാകില്ലെന്ന് അതോറിററി ഉറപ്പുവരുത്തേണ്ടതാണ്.

**12.** പെർമിററ് അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കററ് റദ്ദാക്കൽ.—അതോറിറ്റിക്ക് ലഭിച്ച ഏതെങ്കിലും വിവരത്തിൻമേലോ, അല്ലെങ്കിൽ അതിന്റെ സ്വന്തം പഠനങ്ങളുടെ അടിസ്ഥാനത്തിലോ,—

(എ) ഈ ആക്ററ് പ്രകാരമുള്ള പെർമിറ്റോ അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ യഥാർത്ഥ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ളതല്ല എന്നോ;

(ബി) ഏത് വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ പെർമിറ്റോ അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ നൽകിയിരിക്കുന്നത് ആ വ്യവസ്ഥകൾ പാലിക്കുന്നതിന് പെർമിറ്റിന്റെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കററിന്റെയോ കൈവശക്കാരൻ ന്യായമായ യാതൊരു കാരണവും കൂടാതെ വീഴ്ച വരുത്തിയെന്നോ അല്ലെങ്കിൽ ഈ ആക്ററിലെയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടെന്നോ; അല്ലെങ്കിൽ;

(സി) കിണറിനു ചുറ്റുമുള്ള പ്രദേശത്തെ ഭൂജലം ഉപയോഗിക്കുന്നതിലോ, എടുക്കുന്നതിലോ പരിമിതി ഏർപ്പെടുത്തേണ്ട ഒരു സാഹചര്യം ഉണ്ടായിട്ടുണ്ടെന്നോ;

അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം ഈ ആക്ററിൻ കീഴിൽ പെർമിററിന്റെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കററിന്റെയോ കൈവശക്കാരൻ

1 2018-ലെ 14-ാം ആക്ട് പ്രകാരം ചേർത്തത് (2017 ഒക്ടോബർ 20-ാം തീയതി പ്രബല്യത്തിൽ വന്നു).

വിധേയനാകാവുന്ന മറ്റ് യാതൊരു ശിക്ഷകൾക്കും ഭംഗം വരാതെ, അതോറിററിക്ക് പെർമിറ്റിന്റെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കററിന്റെയോ കൈവശക്കാരന് പറയാനുള്ളത് പറയാൻ ഒരവസരം നൽകിയതിനുശേഷം പെർമിററ് അല്ലെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കററ് റദ്ദാക്കാവുന്നതാണ് .

**13.** സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാൻറുകൾ.—ആ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരള സർക്കാർ അതിന് ഉചിതമെന്ന് തോന്നുന്ന അത്രയും തുക ഇതിലേക്കായി സംസ്ഥാന നിയമസഭ ഉണ്ടാക്കിയ നിയമംമൂലം, യഥാവിധി വകയിരുത്തിയശേഷം ഭൂജല അതോറിറ്റിക്ക് ഗ്രാൻറായി നൽകേണ്ടതാണ്.

**14.** ഭൂജല അതോറിറ്റിയുടെ ഫണ്ട്.—**(1)** അതോറിറ്റിക്ക് ഭൂജല അതോറിറ്റി ഫണ്ട് എന്ന് പേർ പറയുന്ന ഒരു ഫണ്ട് ഉണ്ടായിരിക്കേണ്ടതും അതിലേക്ക്,—

(എ) ഗ്രാൻറായോ വായ്പയായോ മററു വിധത്തിലോ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ അതോറിറ്റിക്ക് ലഭിക്കുന്ന എല്ലാ പണവും;

(ബി) അതോറിററിക്കോ അതിനുവേണ്ടിയോ ലഭിക്കുന്ന മററ് എല്ലാ തുകകളും, വരവുവയ്ക്കേണ്ടതുമാണ്.

**(2)** ഭൂജല അതോറിററി ഫണ്ട് അതോറിററിയുടെ പ്രവർത്തനങ്ങളുടെ ചെലവിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

**15.** ഭൂജല അതോറിററിയുടെ അധികാരങ്ങൾ.—**(1)** അതോറിററിക്ക്,—

(എ) ഏതൊരു വസ്തുവിലും പ്രവേശിക്കുവാനും ഭൂമിയുടെ ഉപരിതലത്തിലോ, ഭൂമിക്കടിയിലോ കേന്ദ്രീകരിച്ചിട്ടുള്ള ജലത്തിന്റെ അളവുകൾ എടുക്കുവാനും;

(ബി) കുഴിച്ചതോ, കുഴിച്ചുകൊണ്ടിരിക്കുന്നതോ ആയ കിണറും അവിടെനിന്നും കുഴിച്ചെടുക്കുന്ന മണ്ണും മററു പദാർത്ഥങ്ങളും പരിശോധിക്കുവാനും;

(സി) അത്തരം മണ്ണിന്റെയോ മറ്റ് പദാർത്ഥങ്ങളുടെയോ കിണറുകളിൽനിന്നും എടുത്ത ജലത്തിന്റെയോ മാതൃകകൾ എടുക്കുവാനും;

(ഡി) കിണർ കുഴിച്ചുകൊണ്ടിരിക്കുന്ന ആളുകളോട്, രേഖാമൂലം ഉത്തരവ് നൽകിക്കൊണ്ട്, അതോറിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ അവിടെ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെയോ മററ് പദാർത്ഥങ്ങളുടെയോ മാതൃകകൾ, ജോലി പൂർത്തിയാക്കുന്നതുമുതലോ അല്ലെങ്കിൽ ഉപേക്ഷിക്കുന്നതുമുതലോ ഉള്ള തീയതി

തുടങ്ങി മൂന്ന് മാസത്തിൽ കവിയാത്ത കാലയളവിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സൂക്ഷിക്കുവാനും സംരക്ഷിക്കുവാനും ആവശ്യപ്പെടുന്നതിനും;

(ഇ) പ്രസക്തമായ രേഖകളോ അല്ലെങ്കിൽ പ്രമാണങ്ങളോ പരിശോധിക്കുവാനും കോപ്പികൾ എടുക്കുവാനും ഈ ആക്ററിന്റെ ഉദ്ദേശങ്ങൾ നടപ്പിലാക്കുവാനും ആവശ്യമായ ഏതൊരു വിവരവും ലഭിക്കുന്നതിന് കുഴിച്ചതോ കുഴിച്ചു കൊണ്ടിരിക്കുന്നതോ ആയ കിണറിന്റെ വ്യാസം അല്ലെങ്കിൽ ആഴം, ജലം കണ്ടെത്തിയതും അല്ലെങ്കിൽ കണ്ടെത്താവുന്നതുമായ നിരപ്പ്; പിന്നീട് പൂർവ്വസ്ഥിതിയിൽ അഥവാ നിശ്ചലാവസ്ഥയിൽ ആവുന്നതുമായ നിരപ്പ്, കിണർ കുഴിക്കുന്നതിനിടയിൽ കണ്ടെടുത്ത പാളികളുടെ തീരവും കണ്ടെത്തിയ ജലത്തിന്റെ മേൻമയും ഉൾപ്പെടെയുള്ള സംഗതികളെ സംബന്ധിച്ച് ഏതൊരു ചോദ്യവും ചോദിക്കുവാനും;

(എഫ്) ജലത്തിന്റെ ശരിയായ രീതിയിലുള്ള ഉപയോഗത്തിനു വേണ്ടിയോ അല്ലെങ്കിൽ ഈ ആക്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ ഉപഭോക്താവ് പാലിക്കുന്നില്ലാ എന്ന് വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിലോ അല്ലെങ്കിൽ പൊതു താത്പര്യം സംരക്ഷിക്കുന്നതിന് വേണ്ടിയോ ആവശ്യമുള്ളപ്പോൾ, ഏതൊരു ജലവിതരണ സംവിധാനത്തിലും ജലം അളക്കുന്ന ഉപകരണം സ്ഥാപിക്കുവാൻ ഭൂജല ഉപഭോക്താവിനോട് ആവശ്യപ്പെടുവാനും;

(ജി) അനധികൃത കുഴിക്കലിനു വേണ്ടി ഉപയോഗിക്കുന്ന സാമഗ്രികളും ഉപകരണങ്ങളും പിടിച്ചെടുക്കുന്നതിനും ചെയ്ത ജോലി പൂർണ്ണമായോ ഭാഗികമായോ നശിപ്പിക്കുന്നതിനും;

(എച്ച്) ഈ ആക്ററിലെ വ്യവസ്ഥകളും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളും പാലിക്കാത്ത ഏതൊരു ഭൂജല ഉപഭോക്താവിനോടും ഈ ആക്ററിലെ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ പ്രകാരമോ അനധികൃതമാണെന്നു കണ്ടുപിടിച്ച ഏതൊരു ജലവിതരണവും നിർത്തിവയ്ക്കുവാനോ അല്ലെങ്കിൽ ഏതൊരു ഹൈഡ്രോളിക് പ്രവർത്തനവും നശിപ്പിക്കുവാനോ ആവശ്യപ്പെടാനും;

(ഐ) ഈ ആക്ടിൻ പ്രകാരമുള്ള കുററം ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ ചെയ്യപ്പെടുന്നുണ്ടെന്നോ അതിന് വിശ്വസിക്കത്തക്ക കാരണമുണ്ടെങ്കിൽ ആവശ്യമെന്ന് തോന്നുന്ന പ്രകാരമുള്ള ഏതൊരു സഹായ സംവിധാനത്തോടുംകൂടി ഏതൊരു സ്ഥലത്തും പ്രവേശിക്കുവാനും പരിശോധിക്കുവാനും, കുററം ചെയ്തതോ ചെയ്തുകൊണ്ടിരിക്കുന്നതോ ആയ ആളോട് മുപ്പതു ദിവസത്തിൽ കവിയാത്ത ഒരു

നിർദ്ദിഷ്ട കാലയളവിൽ ഭൂജലം ഉപയോഗിക്കരുതെന്ന് രേഖാമൂലമുള്ള ഉത്തരവ് നൽകുന്നതിനും;

(ജെ) മലിനജല നിർഗ്ഗമന കുഴലുകളും മററും ജലസ്രോതസ്സുകളെ ബാധിക്കുന്ന വിധം സ്ഥാപിക്കുന്നതും, ഉപരിതല ജലസ്രോതസ്സുകളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ ഭൂജലസ്രോതസ്സുകളെ ബാധിക്കാൻ സാധ്യതയുള്ളതായി കണ്ടാൽ അതും, തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും ;

(കെ) ഈ ആക്ററിലെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളുടെയോ ഉദ്ദേശങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി ആവശ്യമായേക്കാവുന്ന പ്രകാരമുള്ളള് മറ്റ് അധികാരങ്ങൾ വിനിയേഗിക്കുന്നതിനും;

അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന ചുമതലകൾ അതോറിറ്റി നിർവഹിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിന്റെ അധികാരമുപയോഗിച്ച് അതോറിറ്റി ആവശ്യപ്പെട്ട പ്രകാരമുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിൽ ഒരു ഭൂജല ഉപഭോക്താവ് വീഴ്ച വരുത്തുന്ന സംഗതിയിൽ, പ്രസ്തുത പ്രവൃത്തി നേരിട്ട് ചെയ്യുന്നതിനും അതിനുവേണ്ടിവരുന്ന ചെലവ് അയാളിൽ നിന്ന് നിർണ്ണയിക്കപ്പെട്ട പ്രകാരം ഈടാക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) ഈ ആക്ററിൻ കീഴിൽ നടത്തപ്പെടുന്ന ഏതെങ്കിലും പരിശോധനയ്ക്കോ, കണ്ടുകെട്ടലിനോ കഴിയുന്നിടത്തോളം 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974- ലെ 2-ാം കേന്ദ്ര ആക്ററ്), വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

(5) (1)-ാം ഉപവകുപ്പ് (ജി) ഖണ്ഡപ്രകാരം, അതോറിറ്റി ഏതെങ്കിലും യന്ത്രസാമഗ്രികളോ ഉപകരണങ്ങളോ കണ്ടുകെട്ടുമ്പോൾ അത് പത്തു ദിവസത്തിനകം എത്രയും വേഗത്തിൽ ഒരു മജിസ്ട്രേറ്റിനെ അറിയിക്കേണ്ടതും അത് കസ്റ്റഡിയിൽ വയ്ക്കുന്നത് സംബന്ധിച്ച് അദ്ദേഹത്തിന്റെ ഉത്തരവുകൾ നേടേണ്ടതുമാണ്.

**16.** ഉത്തരവുകളുടെ നടത്തിപ്പ് മുതലായവ.—15-ാം വകുപ്പ് പ്രകാരമുള്ള ഓരോ ഉത്തരവും നിർണ്ണയിക്കപ്പെട്ട പ്രകാരം ഉപഭോക്താവിന് നൽകേണ്ടതാണ്.

**17.** <u>അധികാരങ്ങളും കർത്തവ്യങ്ങളും ഏൽപ്പിച്ചുകൊടുക്കൽ</u>.—അതോറിറ്റിക്ക്, സാമാന്യമോ, പ്രത്യേകമായതോ ആയ ലിഖിതമായ ഉത്തരവിലൂടെ അത് വിനിയോഗിക്കേണ്ടതോ നിർവ്വഹിക്കേണ്ടതോ ആയ എല്ലാമോ അഥവാ ഏതെങ്കിലുമോ അധികാരങ്ങളും കർത്തവ്യങ്ങളും, അതിന്റെ ഉത്തരവിൽ പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിലും അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉത്തരവിൽ ഇതിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള അതോറിറ്റിയുടെ ഏതെങ്കിലും ജീവനക്കാരനോട് വിനിയോഗിക്കുകയോ നിറവേറ്റുകയോ ചെയ്യുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

**18.** <u>ഭൂജല അതോറിററിയിലെ മെമ്പർമാരും, ജീവനക്കാരും പബ്ലിക് സെർവെന്റുമാരായിരിക്കുമെന്ന്</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ ഇതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്കോ അനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കാൻ ഉദ്ദേശിക്കുമ്പോഴോ അതോറിറ്റിയിലെ എല്ലാ അംഗങ്ങളേയും ജീവനക്കാരേയും **1860**-ലെ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ (**1860**-ലെ **45**-ാം കേന്ദ്ര ആക്റ്റ്), **21**-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽപ്പെടുന്ന പബ്ലിക് സെർവെൻറുമാരായി കരുതപ്പെടേണ്ടതാണ്.

**19.** <u>ഉത്തമവിശ്വാസത്തോടെ എടുത്ത നടപടിക്ക് സംരക്ഷണം</u>.—ഈ ആക്റ്റ് പ്രകാരമോ ഇതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യത്തിന് സർക്കാരിനോ അതോറിറ്റിക്കോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അതോറിറ്റിയിലെ ഏതെങ്കിലും അംഗത്തിനോ മറ്റ് ജീവനക്കാർക്കോ എതിരായി യാതൊരു പ്രോസിക്യൂഷൻ നടപടിയോ വ്യവഹാരമോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

**20.** <u>കുറ്റങ്ങളുടെ നടപടിയെടുക്കലും വിചാരണയും</u>.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായിട്ടുള്ള യാതൊരു കുററവും അതോറിറ്റിയുടെ സെക്രട്ടറിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി സമർപ്പിക്കുന്ന കുറ്റം സംബന്ധിച്ച വസ്തുതകളുടെ രേഖാമൂലമായഒരു റിപ്പോർട്ടിൻമേലല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

**21.** <u>ശിക്ഷകൾ</u>.—(**1**) ഏതെങ്കിലും കിണറിന്റെ ഉടമസ്ഥനോ ഉപഭോക്താവോ നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള വിവരം നൽകുന്ന കാര്യത്തിൽ ഈ ആക്ററിന്റെ ഏതെങ്കിലും വ്യവസ്ഥയോ ഇതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ലംഘിക്കുകയോ അല്ലെങ്കിൽ അവ പാലിക്കുന്നതിന് വീഴ്ച വരുത്തുകയോ ചെയ്താൽ, അപ്രകാരമുള്ള ആളെ,—

(i) ആദ്യത്തെ കുറ്റത്തിന് അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയും;

(ii) രണ്ടാമത്തെയും അതിന് ശേഷവുമുള്ള കുറ്റത്തിന് ആയിരം രൂപവരെയാകാവുന്ന പിഴയും; നൽകി ശിക്ഷിക്കേണ്ടതാണ്.

(2) കിണറുകളുടെ നിയമാനുസൃതമല്ലാത്ത കുഴിക്കലിനോ നിർമ്മാണത്തിനോ അഥവാ ഉപയോഗത്തിനോ, ഭൂജലത്തിന്റെ ഏതെങ്കിലും ഉപഭോക്താവോ അഥവാ കിണറുടമസ്ഥനോ,—

(എ) ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥകളോ അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുകയോ അവ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ; അല്ലെങ്കിൽ

(ബി) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്നതിന് അതോറിററിയെയോ, അഥവാ അത് ചുമതലപ്പെടുത്തിയിട്ടുള്ള മറേറതെങ്കിലും വ്യക്തിയെയോ തടസ്സപ്പെടുത്തുകയോ ;

ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ആളെ;

(i) ആദ്യത്തെ കുറ്റത്തിന് രണ്ടായിരം രൂപയോളമാകാവുന്ന പിഴയോ;

(ii) രണ്ടാമത്തെയും അതിനു ശേഷവുമുള്ള കുറ്റത്തിന് ആറ് മാസക്കാലം വരെയാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ പതിനായിരം രൂപവരെയാകാവുന്ന പിഴയോ; നൽകി ശിക്ഷിക്കേണ്ടതാണ്.

22. <u>കുറ്റങ്ങൾ രാജിയാക്കൽ</u>.—ഈ ആക്ററിൻ കീഴിൽ രണ്ടായിരം രൂപയിൽ കവിയാതെയുള്ള പിഴശിക്ഷ നൽകാവുന്ന, ഏതൊരു കുററവും അതോറിറ്റിക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ രാജിയാക്കാവുന്നതാണ്.

23. <u>കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ</u>.— ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുററം ഒരു കമ്പനി എപ്പോഴെങ്കിലും ചെയ്യുന്നപക്ഷം കുറ്റം ചെയ്യുന്ന സമയത്ത് കമ്പനിയുടെ ചാർജ് വഹിക്കുന്നതോ അഥവാ കമ്പനിയുടെ ബിസിനസ് നടത്തിപ്പിന് ഉത്തരവാദിത്വമു ണ്ടായിരുന്നതോ ആയ ഓരോ ആളും കമ്പനിയും കുറ്റത്തിന് ഉത്തരവാദിയായി കരുതപ്പെടേണ്ടതും അതിനനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്:

എന്നാൽ, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം കമ്പനി ചെയ്യുകയും കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ മറ്റ് ഏതങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ, മൗനാനുവാദത്തോടെയോ അഥവാ അവരുടെ ഭാഗത്തുനിന്നും ഉണ്ടായേക്കാവുന്ന ഏതെങ്കിലും

ഉപേക്ഷകൊണ്ടോ ആണ് ആ കുറ്റം നടന്നതെന്ന് തെളിയിക്കുകയും ചെയ്യുന്നപക്ഷം കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അഥവാ മററ് ഏതെങ്കിലും ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് ഉത്തരവാദിയായി കുരുതപ്പെടേണ്ടതും അതനുസരിച്ച് അയാൾക്കെതിരായി നടപടി എടുക്കേണ്ടതും അയാളെ ശിക്ഷിക്കേണ്ടതുമാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, മററു സംഘടനകളോ അഥവാ വ്യക്തികളോ ഉൾപ്പെടുന്നതും;

(ബി) ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം "ഡയറക്ടർ" എന്നാൽ ആ സ്ഥാപനത്തിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും;

ആകുന്നു.

**24.** <u>അപ്പീലുകൾ</u>.—(1) ഈ ആക്ററിൻ കീഴിലുള്ള അതോറിററിയുടെ ഒരു തീരുമാനമോ നടപടിയോമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും നടപടിയെടുത്തതോ അഥവാ ആ തീരുമാനം അദ്ദേഹത്തെ അറിയിച്ചതോ ആയ ദിവസം മുതൽ മുപ്പത് ദിവസത്തിനകം, നിശ്ചയിക്കപ്പെടാവുന്നത്രയും ഫീസ് നൽകി നിർണ്ണയിക്കപ്പെടുന്ന അധികാര സ്ഥാനത്തിന് അപ്പീൽ സമർപ്പിക്കാവുന്നതാണ് :

എന്നാൽ, യഥാസമയം അപ്പീൽ ഫയൽ ചെയ്യുന്നതിന് അപേക്ഷകന് കഴിയാതിരുന്നത് മതിയായ കാരണത്താലാണെന്ന് ആ അപ്പീൽ അധികാര സ്ഥാനത്തിന് ബോദ്ധ്യപ്പെടുന്നപക്ഷം, പ്രസ്തുത മുപ്പതു ദിവസത്തിനു ശേഷം ലഭിക്കുന്ന അപ്പീലും സ്വീകരിക്കുവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു അപ്പീൽ കിട്ടിയതിന് ശേഷം അപ്പീലധികാരസ്ഥാനം, അപ്പീൽ വാദിക്ക് പറയാനുള്ളത് പറയാൻ ഒരു അവസരം നൽകിയതിനുശേഷം, കഴിയുന്നതും വേഗത്തിൽ അപ്പീൽ തീർപ്പാക്കേണ്ടതാണ്.

**25.** <u>കണക്കുകളും ആഡിററും</u>.—(1) അതോറിറ്റി യഥാർത്ഥവും ഉചിതവുമായ കണക്കുകളും മററ് പ്രസക്തമായ രേഖകളും സൂക്ഷിക്കേണ്ടതും വരവുചെലവുകൾ ഉൾപ്പെടുന്ന കണക്കുകളുടെ ഒരു വാർഷിക സ്റേറററുമെൻറും ബാലൻസ് ഷീറ്റും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള രീതിയിലും തയ്യാറാക്കേണ്ടതുമാണ്.

(2) അതോറിററിയുടെ കണക്കുകൾ 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ററിലെ (1993-ലെ 14) വ്യവസ്ഥകൾക്കനുസൃതമായി പരിശോധിക്കേണ്ടതും ആഡിററ് ചെയ്യേണ്ടതുമാണ്.

(3) അതോറിറ്റിയുടെ ആഡിറ്റ് ചെയ്ത്, സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കണക്കുകൾ അതിനോടൊപ്പമുള്ള ആഡിററ് റിപ്പോർട്ട് സഹിതം വർഷംതോറും സർക്കാരിന് അയച്ചുകൊടുക്കേണ്ടതും, സർക്കാർ കഴിയുന്നത്ര വേഗം അത് നിയമസഭ മുൻപാകെ വയ്പിക്കേണ്ടതുമാണ്.

26. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.</u>—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം നേരിടുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം, വൈഷമ്യം നീക്കം ചെയ്യുന്നതിനുള്ള ഉദ്ദേശത്തിനു വേണ്ടി, അവർക്കാവശ്യമെന്ന് തോന്നുന്നതും ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ എന്തും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്ററിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷ കാലയളവ് അവസാനിച്ചതിനുശേഷം ഈ ഉപവകുപ്പിൻ കീഴിലുള്ള യാതൊരു ഉത്തരവും സർക്കാർ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിന്നാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ആ ഉത്തരവിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ഉത്തരവ് പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ഉത്തരവിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ഉത്തരവിൻകീഴിൽ മുമ്പ് ചെയ്ത ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

27. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സർക്കാരിന് ഗസററ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് .

(2) പ്രത്യകിച്ച് മേൽപ്പറത്ത അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) അതോറിറ്റിയിലെ അംഗങ്ങളുടെ സേവന വ്യവസ്ഥകൾ;

(ബി) അതോറിററിയുടെ യോഗം ചേരുന്നതിനുള്ള നടപടിക്രമങ്ങളും മറ്റ് ബന്ധപ്പെട്ട സംഗതികളും;

(സി) അതോറിറ്റിയുടെ സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും;

(ഡി) അതോറിറ്റിയിലെ ജീവനക്കാരുടെ ചുമതലകളും സേവനവ്യവസ്ഥ കളും;

(ഇ) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം നടത്തുന്നതിനുള്ള മറ്റ് ഏതെങ്കിലും രീതി;

(എഫ്) ഈ ആക്റ്റിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള അപേക്ഷാ ഫാറത്തിന്റെയും , പെർമിറ്റിന്റെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയും മാതൃക;

(ജി) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡ പ്രകാരം മണ്ണിന്റെയും മറ്റ് വസ്തുക്കളുടെയും മാതൃകകൾ സൂക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള രീതി;

(എച്ച്) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലധികാര സ്ഥാനത്തേയും അപ്പീലപേക്ഷയോടൊപ്പം നൽകേണ്ട ഫീസും വ്യക്തമാക്കൽ;

(ഐ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും കാര്യം.

(3) ഈ വകുപ്പിൻ കീഴിലുണ്ടാക്കുന്ന ഓരോ ചട്ടവും അത് തയ്യാറാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനഞ്ച് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും

ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.